തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി : ശ്രീ. കുട്ടി അഹമ്മദ് കുട്ടി :

(എ) സർക്കാർ സ്ക്കൂളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതുകൊണ്ട് അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. അപകടസാദ്ധ്യതയുള്ള സ്ക്കൂൾ കെട്ടിടങ്ങൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താൻ എല്ലാ ജില്ലകളിലെയും തദ്ദേശസ്വയംഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) റിപ്പോർട്ടുകൾ ലഭിച്ചുവരുന്നുണ്ട്.

(സി) നൂറോളം കെട്ടിടങ്ങൾ അപകടനിലയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള സർക്കാർ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപ്പ് സാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള മെയിന്റനൻസ് ഗ്രാന്റും, എൽ. പി., യു. പി. സ്ക്കൂൾ കെട്ടിടങ്ങൾക്ക് എസ്. എസ്. എ. ഗ്രാന്റും ഉപയോഗിച്ച് അപകട സാദ്ധ്യതയുള്ള സ്ക്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കേന്ദ്ര യൂണിവേഴ്സിറ്റികളുമായി അഫിലിയേറ്റ് ചെയ്യുന്ന നടപടി

30 [*147] ശ്രീ. ടി. കെ. ബാലൻ :

,, ടി. പി. രാമകൃഷ്ണൻ :

,, കെ. പി. സതീഷ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തെ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കേന്ദ്ര യൂണിവേഴ്സിറ്റികളുമായി നേരിട്ട് അഫിലിയേറ്റ് ചെയ്യുന്നതിന് അധികാരം നൽകുന്ന് കേന്ദ്രനിയമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെമേൽ സംസ്ഥാന സർക്കാരിന് നിലവിലുള്ള അധികാരങ്ങൾ പൂർണ്ണമായും നഷ്ടപ്പെടുത്തുന്നതാണ് ഈ നിയമം എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ നിയമത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി : ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ :

(എ) ഈയിടെ പാസായ കേന്ദ്രനിയമം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെമേൽ സംസ്ഥാന സർക്കാരിന് നിലവിലുള്ള അധികാരങ്ങൾ പൂർണ്ണമായും നഷ്ടപ്പെടുത്തുന്നതാണ് ഈ നിയമം എന്ന് ഗവൺമെന്റ് കരുതുന്നില്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly